# റബ്ബർ ബോർഡ് എംപ്ലോയീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ കെ 155, കളക്ടറേറ്റ് പി.ഓ കോട്ടയം -2

**RBECS: 109/2020-21** **13-11-2020**

# സർക്കുലർ

മാന്യ സഹകാരികളെ,

നമ്മുടെ സംഘത്തിൻറെ പ്രവർത്തനങ്ങൾ നാളിതുവരെ വളരെ ഭംഗിയായി നടന്നു വരുന്നു എന്നറിയിക്കുന്നതിൽ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേയ്ക്കായി താഴെ പറയുന്ന കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു.

## 1. GDC സ്കീം

അഞ്ചു ലക്ഷം രൂപ സലയുള്ളതും 50 മാസ കാലാവധിയുള്ളതുമായ ജി.ഡി.സി.എസ് തുടങ്ങുന്നതിന് സഹകരണ ഡിപ്പാർട്ടുമെന്റിൻറെ അനുവാദം ലഭിച്ചിട്ടുണ്ട്. ടി സ്കീമിൽ ചേരുന്നതിന് താല്പര്യമുള്ള അംഗങ്ങൾ 7550 രൂപ സംഘത്തിൽ നേരിട്ടോ, ബാങ്ക് അക്കൗണ്ടിലോ അടച്ചു അംഗമാകണമെന്ന് അപേക്ഷിക്കുന്നു.

**ബാങ്ക് അക്കൗണ്ട് നമ്പർ**

1. SBI, കോട്ടയം സിവിൽ സ്റ്റേഷൻ ബ്രാഞ്ച് **A/C NO :67005990629 ,IFSC :SBIN 0070101**
2. CBI, റബ്ബർ ബോർഡ് കീഴുക്കുന്നു ബ്രാഞ്ച് **A/C NO:1559500012, 1450317202, IFSC :CBIN 0284150**

## 2. ഗിഫ്റ്റ്

സംഘത്തിൽ നിന്നും ഈ വർഷം അംഗങ്ങൾക്ക് നൽകുന്ന ഗിഫ്റ്റ് ഈ മാസം അവസാനത്തോടെ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## 3. വായ്പാ അപേക്ഷകൾ

വായ്പയ്ക്ക് അപേക്ഷിക്കുന്ന അംഗങ്ങൾ പ്രിൻറഡ് ഫോം തന്നെ ഉപയോഗിക്കണമെന്ന സഹകരണ ഡിപ്പാർട്മെന്റിൻറെ നിർദ്ദേശം ഉള്ളതിനാൽ ഡൗൺലോഡ് ചെയ്ത ഫോമുകളും, ഫോട്ടോ കോപ്പികളും ഉപയോഗിക്കരുതെന്ന് അറിയിക്കുന്നു. അപേക്ഷ ഫോം ആവശ്യമുള്ളവർ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 4. കോവിഡ് ലോൺ/ ഫ്ളഡ് ലോൺ

കോവിഡ് / വെള്ളപ്പൊക്കം ഇവ മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന അംഗങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ വായ്പ അനുവദിക്കുന്നുണ്ടെന്ന വിവരം അംഗങ്ങൾ അറിഞ്ഞുകാണുമല്ലോ. 36 തവണകളായി തിരിച്ചടക്കേണ്ട വായ്പ്പയാണിത്. പലിശ 10%, മറ്റെല്ലാ നിബന്ധനകളും എമർജൻസി വായ്പയ്ക്ക് തുല്യമാണ്.

## 5. റെക്കറിംഗ് ഡെപ്പോസിറ്റ് / ത്രിഫ്റ്റ് ഡെപ്പോസിറ്റ്

അംഗങ്ങൾക്ക് ചേരാവുന്ന റെക്കറിംഗ് ഡെപ്പോസിറ്റ്, ത്രിഫ്റ്റ് ഡെപ്പോസിറ്റ് ഇവയുടെ മാസ തവണ പരമാവധി 10000 രൂപവരെയായി പരിമിതപ്പെടുത്തിയിരിക്കുന്നു

## 6. വിദ്യാഭ്യാസ സഹായ പദ്ധതി

പഴയ ഗ്രൂപ്പ് ഡി വിഭാഗത്തിലുള്ള അംഗങ്ങളുടെ കുട്ടികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യം (2019-2020) ലഭിക്കുന്നതിന് രക്ഷിതാക്കളായ അംഗങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം സാലറി സ്ലിപ് കൂടി വയ്ക്കണം.

**<u>അർഹത</u>**

i. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് വരെ മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.
ii. വിദ്യാർത്ഥികൾ വർഷാവസാന പരീക്ഷയിൽ എല്ലാവിഷയത്തിനും ജയിച്ചവരായിരിക്കണം..
iii. ഒരംഗത്തിൻറെ ഒരു കുട്ടിക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു

## 7. മെറിറ്റ് അവാർഡ്

2019-20 അദ്ധ്യയന വർഷത്തിൽ താഴെപ്പറയുന്ന കോഴ്സുകൾക്ക് ഉന്നതവിജയം നേടി വിജയിച്ച കുട്ടികളുടെ രക്ഷിതാക്കളായ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

i. SSLC, CBSE, ICSE പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക്
ii. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ ഹയർ സെക്കണ്ടറി, ആർട്സ്, സയൻസ്, കൊമേഴ്സ് പ്രേത്യേകം - ഓരോ വിദ്യാർത്ഥിക്ക്.
iii. ബി.എ, ബി.എസ്.സി, ബി.കോം തുടങ്ങിയ ബിരുദകോഴ്സുകളിൽ ഓരോ വിദ്യാർത്ഥിക്ക്
iv. എം.എ, എം.എസ്.സി, എം.കോം തുടങ്ങി എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഓരോ വിദ്യാർത്ഥിക്ക്
v. മെഡിസിൻ (എല്ലാ വിഭാഗങ്ങളും) എഞ്ചിനീയറിംഗ് എന്നീ പ്രൊഫഷണൽ കോഴ്സിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക്

## 8. എൻഡോവ്മെൻറ് ഫണ്ട് അവാർഡ്

താഴെപ്പറയുന്ന എൻഡോവ്മെൻറ് ഫണ്ട് അവാർഡുകൾക്ക് അർഹരായ കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

### i. ആർ.വി.പണിക്കർ എൻഡോവ്മെൻറ് ഫണ്ട് അവാർഡ്

എസ് .എസ്. എൽ. സി-യ്ക്ക് ഉന്നത വിജയം നേടുന്ന വിദ്യാർത്ഥിയ്ക്ക്

### ii. മാത്യു എം ജോസഫ് മെമ്മോറിയൽ അവാർഡ്

### iii. പ്രസന്ന കൃഷ്ണൻ നായർ എൻഡോവ്മെൻറ് ഫണ്ട് അവാർഡ്

മുൻ ഗ്രൂപ്പ് ഡി വിഭാഗം ജീവനക്കാരുടെ (Attender, Record keeper ഉൾപ്പെടെ) കുട്ടികളിൽ SSLC യ്ക്ക് ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്. ഗ്രൂപ്പ് ഡി വിഭാഗത്തിൽ നിന്നും അപേക്ഷകർ ഇല്ലാതെ വന്നാൽ മേൽ (ii), (iii) ഗ്രൂപ്പ് സി അംഗങ്ങളുടെ കുട്ടികൾക്ക് നൽകുന്നതാണ്.

**iv. സൈമൺ ഫ്രാൻസിസ് മെമ്മോറിയൽ അവാർഡ്**

ബി.എ ഇംഗ്ലീഷ് ലിറ്ററേച്ചർ കോഴ്സിൽ ഏറ്റവും മാർക്ക് വാങ്ങി വിജയിക്കുന്ന കുട്ടിക്ക്. ഡിഗ്രി വിഭാഗത്തിൽ നിന്നുള്ള അപേക്ഷകരുടെ അഭാവത്തിൽ M.A ഇംഗ്ലീഷ് ലിറ്ററേച്ചറിന് ഈ അവാർഡ് നൽകുന്നതാണ്.

**v. (a) ഗോൾഡൻ ജൂബിലി മെമ്മോറിയൽ മെറിറ്റ് അവാർഡ്**

**(b) RBECS Endowment**

കനക ജൂബിലി സ്മാരകമായി സൊസൈറ്റി ഏർപ്പെടുത്തിയ ഈ അവാർഡ് state,CBSE,ICSE,12 )o ക്ലാസ് ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് നൽകുന്നതാണ്.

**vi. കെ.കെ.മോഹനൻ മെമ്മോറിയൽ എൻഡോവ്മെൻറ് ഫണ്ട് അവാർഡ്**

പാരാമെഡിക്കൽ ഡിഗ്രി കോഴ്സിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥിയ്ക്ക്.

**vii. പി എൻ ഗണപതി അയ്യർ എൻഡോവ്മെൻറ് ഫണ്ട് അവാർഡ്**

Pay Matrix 4 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് മാത്രം

i. +2 സയൻസ് ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരു കുട്ടിയ്ക്ക് ഈ അവാർഡ് നൽകുന്നതാണ്.
ii. +2 വരെയുള്ള കുട്ടികളിൽ സ്റ്റേറ്റ്, ജില്ലാ, ഉപജില്ല ഈ മുറയ്ക്ക് കർണാടക സംഗീതം (വോക്കൽ) ഇല്ലെങ്കിൽ ഉപകരണസംഗീതം ഇവയിലേതിലെങ്കിലും ഒന്നാം സ്ഥാനം ലഭിക്കുന്ന കുട്ടിയ്ക്ക്

**viii. ഡോക്ടർ.എൻ.ഉഷാ നായർ മെമ്മോറിയൽ എൻഡോവ്മെൻറ് അവാർഡ്**

+2 പരീക്ഷയിൽ ഉന്നതവിജയം നേടുന്ന വിദ്യാർത്ഥിയ്ക്ക്

## 9. കലാ കായിക മത്സരങ്ങൾ

**i.** എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സർക്കാർ സംഘടിപ്പിച്ച സംസ്ഥാന/ അന്തർ സംസ്ഥാനതല മത്സരങ്ങളിലും യൂണിവേഴ്സിറ്റി തല മത്സരങ്ങളിലും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്കും നാഷണൽ മത്സരങ്ങളിൽ പങ്കെടുത്തവർക്കും
**ii.** എൽ.പി, യു.പി അല്ലെങ്കിൽ ജൂനിയർ വിഭാഗത്തിൽ റവന്യു ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്ക്
**iii.** കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ ക്ലസ്റ്റർ / റീജിയണൽ തലങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്കും ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുത്തവർക്കും

അപേക്ഷകൾ നിശ്ചിത ഫോറത്തിൽ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം **2020 ഡിസംബർ 5-ന്** മുൻപായി സംഘം ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾ സംഘത്തിൽ നിന്ന് വാങ്ങുകയോ **www.rubberboardecs.org** എന്ന സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്. യാതൊരു കാരണവശാലും നിബന്ധനകൾ പാലിക്കാതെ/നിശ്ചിത തീയതിയ്ക്കകം ലഭിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## 10. വാർഷിക പൊതുയോഗം

2020 ഡിസംബർ 31-ന് മുൻപായി അടുത്ത വാർഷിക പൊതുയോഗം നടത്തിയിരിക്കണമെന്നുള്ള ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡിസംബർ മാസത്തിൽ തന്നെ പൊതുയോഗം നടത്തുന്നതാണ്.

സംഘത്തിൻറെ മുഴുവൻ പ്രവർത്തനങ്ങളിലും എല്ലാ അംഗങ്ങളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

ഭരണസമിതിക്കുവേണ്ടി,

സെക്രട്ടറി